(ബി) ജി.ഒ.(എംഎസ്.) നമ്പർ 405/13/ആകവ തീയതി 4-10-2013 എന്ന ഉത്തരവ് പ്രകാരം 26 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടോമാകെയർ ഉടനുന്നതിനാവശ്യമായ ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി 35.51 ലക്ഷം രൂപ സർക്കാർ അനുവദിച്ച് ഉത്തരവാകുകയും ടി ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ വഴി വിതരണം ചെയ്യുവരുകയും ചെയ്യുന്നു. ടോമാ കെയറിന്റെ ചുമതല ആശുപത്രി സൂപ്രണ്ടിനായിരിക്കും.

(സി) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ഒ.പി. ബ്ലോക്ക് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം സമർപ്പിച്ച എസ്റ്റിമേറ്റ് ടി ആശുപത്രി സൂപ്രണ്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത കത്തിൽ ഒ.പി. ബ്ലോക്ക് നിർമ്മിക്കുമ്പോൾ സെൻട്രലൈസ്ഡ് ഓക്സിജൻ സപ്ലൈയും കൂട്ടിരിപ്പുകാർക്ക് വേണ്ട ടോയ്ലറ്റ് സൗകര്യങ്ങളും കൂടി ലഭ്യമാക്കണമെന്ന് സൂചിപ്പിച്ചിരുന്നു. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്ത് ആവശ്യമായ മാറ്റങ്ങൾ വരുത്താൻ പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച ഡിസൈൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തിരിച്ചയച്ചിട്ടുണ്ട്. ആയത് ഇതുവരെ തിരികെ ലഭ്യമായിട്ടില്ല. ഇതിനായി പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ്) ഡിവിഷനെ സമീപിക്കുന്നതാണ്.

സർക്കാർ സർവ്വീസിലെ ഡോക്ടർമാർ

80 (787) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ സർവ്വീസിലുള്ള ആകെ അലോപ്പതി, ഹോമിയോ, ആയുർവ്വേദ, ദന്തൽ, നേത്ര തുടങ്ങി മറ്റ് അംഗീകൃത വിഭാഗം ഡോക്ടർമാർ എത്ര വീതം ഓരോ വിഭാഗത്തിലുമുണ്ട് ; ഇനം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ബി) സർക്കാർ സർവ്വീസിൽ ഓരോ വിഭാഗത്തിലും എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട് ; വ്യക്തമാക്കുമോ ;

(സി) ഓരോ വിഭാഗത്തിലും എത്ര പേരാണ് അവധിയിലും അവധി വാങ്ങാതെയും മറ്റ് സംസ്ഥാനങ്ങളിലും, വിദേശത്തും പ്രവർത്തിച്ചു വരുന്നതെന്നു വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്ത് എല്ലാ വിഭാഗത്തിലും വേണ്ടത്ര ഡോക്ടർമാർ ഇല്ലാതിരിക്കെ, മറ്റു സംസ്ഥാനങ്ങളിലും വിദേശത്തും പോയിട്ടുള്ള ഡോക്ടർമാരെ തിരിച്ച് വിളിച്ച് ജനങ്ങൾക്കും സർക്കാരിനും ഇവരുടെ സേവനം ലഭ്യമാക്കുവാൻ ആവശ്യമായ നപടികൾ സ്വീകരിക്കുമോ; വിശദ വിവരം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആരോഗ്യ വകുപ്പ് :

1	അസിസ്റ്റന്റ് സർജൻ	2150
2	സിവിൽ സർജൻ	819
3	ജൂനിയർ കൺസൾട്ടന്റ്	1193
4	കൺസൾട്ടന്റ്	600
5	സീനിയർ കൺസൾട്ടന്റ്	50
6	ചീഫ് കൺസൾട്ടന്റ്	16
7	അഡ്മിനിസ്ട്രേറ്റീവ് കേഡർ	233

ദന്തൽ :

8	അസിസ്റ്റന്റ് സർജൻ	62
9	സിവിൽ സർജൻ	15
10	ജൂനിയർ കൺസൾട്ടന്റ്	17
11	കൺസൾട്ടന്റ്	7
12	സീനിയർ കൺസൾട്ടന്റ്	1
13	ചീഫ് കൺസൾട്ടന്റ്	1
14	ഡെപ്യൂട്ടി ഡയറക്ടർ (അഡ്മിനിസ്ട്രേറ്റീവ് കേഡർ)	1

നേത്ര :

15	ജൂനിയർ കൺസൾട്ടന്റ്	85
16	കൺസൾട്ടന്റ്	38
17	സീനിയർ കൺസൾട്ടന്റ്	2
18	ചീഫ് കൺസൾട്ടന്റ്	1

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഹോമിയോപ്പതി വകുപ്പ് :

1	മെഡിക്കൽ ഓഫീസർമാർ	595
2	ചീഫ് മെഡിക്കൽഓഫീസർമാർ	84
3	ആശുപത്രി സൂപ്രണ്ടുമാർ	24
	ആകെ	703

ഭാരതീയ ചികിത്സാ വകുപ്പ് :

1	ഡയറക്ടർ	1
2	ജോയിന്റ് ഡയറക്ടർ	2
3	ജില്ലാ മെഡിക്കൽ ഓഫീസർ	14
4	ഹോസ്പിറ്റൽ സൂപ്രണ്ട്	4
5	ചീഫ് മെഡിക്കൽ ഓഫീസർ	79
6	സീനിയർ മെഡിക്കൽ ഓഫീസർ/ മെഡിക്കൽ ഓഫീസർ	980
7	റീഹാബിലിറ്റേഷൻ മെഡിക്കൽഓഫീസർ (ആയുർവ്വേദ)	1
8	സീനിയർ മെഡിക്കൽഓഫീസർ/മെഡിക്കൽഓഫീസർ (സ്പെഷ്യലിസ്റ്റ്)	68
9	മെഡിക്കലാഫീസർ (യുനാനി)	1
10	സ്പെഷ്യലിസ്റ്റ് (മാനസികം)	3
11	മെഡിക്കലാഫീസർ (സിദ്ധ)	11
12	മെഡിക്കലാഫീസർ (നേച്ചർ ക്യുവർ)	4
	ആകെ	1168

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ മെഡിക്കൽ വിഭാഗത്തിൽ 1941 തസ്തികകളും ഡന്റൽ വിഭാഗത്തിൽ 160 തസ്തികകളുമുണ്ട്.

(ബി) ആരോഗ്യ വകുപ്പിലെ ഒഴിവുകൾ :

1	അസിസ്റ്റന്റ് സർജൻ	219
2	സിവിൽ സർജൻ	51
3	ജൂനിയർ കൺസൾട്ടന്റ്	156
4	കൺസൾട്ടന്റ്	107
5	സീനിയർ കൺസൾട്ടന്റ്	26
6	ചീഫ് കൺസൾട്ടന്റ്	2
7	അഡ്മിനിസ്ട്രേറ്റീവ് കേഡർ	17
	ദന്തൽ :	
	ജൂനിയർ കൺസൾട്ടന്റ്	4
	ഡെപ്യൂട്ടി ഡയറക്ടർ	1
	നേത്ര :	
	കൺസൾട്ടന്റ്	9
	സീനിയർ കൺസൾട്ടന്റ്	1

ഹോമിയോപ്പതി വകുപ്പിലെ ഒഴിവുകൾ :

1	ചീഫ് മെഡിക്കൽ ഓഫീസർമാർ	43
2	ആശുപത്രി സൂപ്രണ്ടുമാർ	6
3	മെഡിക്കൽ ഓഫീസർമാർ	10

ആയുർവ്വേദ വകുപ്പിലെ ഒഴിവുകൾ :

1	സീനിയർ മെഡിക്കൽഓഫീസർ/മെഡിക്കൽ ഓഫീസർ	42
2	സീനിയർ മെഡിക്കൽഓഫീസർ/മെഡിക്കലാഫീസർ (സ്പെഷ്യലിസ്റ്റ്)	14
3	സ്പെഷ്യലിസ്റ്റ് (മാനസികം)	1
4	മെഡിക്കലാഫീസർ (നേച്ചർ ക്യുവർ)	1

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ മെഡിക്കൽ വിഭാഗത്തിൽ 335 ഒഴിവുകളും ഡന്റൽ വിഭാഗത്തിൽ 15 ഒഴിവുകളുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആരോഗ്യ വകുപ്പിൽ 88 ഡോക്ടർമാരും ഹോമിയോ വിഭാഗത്തിൽ 8 മെഡിക്കൽ ഓഫീസർമാരും ആയുർവ്വേദ വിഭാഗത്തിൽ 4 മെഡിക്കൽ ഓഫീസർമാരും അവധിയിലാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അവധി വാങ്ങിയ 10 പേരും അവധി വാങ്ങാതെ 27 പേരുമുണ്ട്. ഡന്റൽ വിഭാഗത്തിൽ അവധി വാങ്ങിയ 10 പേരും അവധി വാങ്ങാതെ 3 പേരുമുണ്ട്. നേത്രരോഗ വിഭാഗത്തിൽ 2 പേർ അവധി വാങ്ങിയതും ഒരാൾ അവധി വാങ്ങാത്തയാളുമാണ്.

(ഡി) അനധികൃതമായി ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചുപോരുന്നുണ്ട്. അപ്രകാരം നടപടി സ്വീകരിക്കുന്ന വേളയിൽ തിരികെ ജോലിയിൽ പ്രവേശിക്കുവാൻ സന്നദ്ധരായ ഡോക്ടർമാരെ അച്ചടക്ക നടപടിക്ക് വിധേയമായി ജോലിയിൽ തിരികെ പ്രവേശിപ്പിക്കാറുണ്ട്. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്നതിനാൽ പി.എസ്.സി.-യിൽ നിന്നും ഉദ്യോഗാർത്ഥികളെ ലഭിക്കുന്നമുറയ്ക്ക് ഡോക്ടർമാരുടെ അപര്യാപ്തതയ്ക്ക് പരിഹാരമുണ്ടാകും.

സംസ്ഥാനത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത നിയോജകമണ്ഡലങ്ങൾ

81 (788) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത എത്ര നിയോജക മണ്ഡലങ്ങൾ ഉണ്ട്; ഏതെല്ലാം ;

(ബി) ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററെങ്കിലും ഇല്ലാത്ത നിയോജക മണ്ഡലങ്ങളിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ എല്ലായിടത്തും പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാർ, നഴ്സുമാർ തുടങ്ങിയ ജീവനക്കാരുടെയും പശ്ചാത്തലസൗകര്യങ്ങളുടെയും കാര്യത്തിൽ തുല്യത നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ, അതിനു നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly